REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** **14-08-2026** **സമയം** **12.30 PM**

## പ്രധാന വാർത്തകൾ

- **80-ാമത് സ്വാതന്ത്ര്യ ദിനാഘോഷങ്ങൾക്കൊരുങ്ങി രാജ്യം. രാഷ്ട്രപതി ദ്രൗപതി മുർമു വൈകിട്ട് രാഷ്ട്രത്തെ അഭിസംബോധന ചെയ്യും.**
- **പ്രധാനമന്ത്രി നരേന്ദ്ര മോദി ചുവപ്പ് കോട്ടയിൽ നാളെ ദേശീയ പതാക ഉയർത്തും.**
- **ധീരതയ്ക്കും മികച്ച സേവനത്തിനും നൽകുന്ന പുരസ്കാരങ്ങൾ കേന്ദ്രഗവണ്മെന്റ് പ്രഖ്യാപിച്ചു. കേരളത്തിൽ നിന്ന് ഒൻപത് പേർക്ക് പുരസ്കാരം.**
- **മൈ പൊലീസ് സ്റ്റേഷൻ പദ്ധതിക്ക് ജനങ്ങളുടെ ഹൃദയത്തിൽ സ്ഥാനമുണ്ടാകുമെന്ന് മുഖ്യമന്ത്രി വി.ഡി. സതീശൻ.**
- **സംസ്ഥാനത്തെ പൊലീസ് സ്റ്റേഷനുകളിൽ SI മാർക്ക് ചുമതല നൽകുന്നത് സംബന്ധിച്ച ഗവണ്മെന്റ് ഉത്തരവിറക്കി.**

## വാർത്തകൾ വിശദമായി

80-ാമത് സ്വാതന്ത്ര്യ ദിനാഘോഷങ്ങൾക്കൊരുങ്ങി രാജ്യം. ന്യൂഡൽഹിയിലെ ചുവപ്പ് കോട്ടയിൽ നാളെ ആഘോഷപരിപാടികൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി നേതൃത്വം നൽകും. ദേശീയപതാക ഉയർത്തിയശേഷം അദ്ദേഹം രാജ്യത്തെ അഭിസംബോധന ചെയ്യും.

യുവശക്തിക്കും, ദേശീയഗീതമായ വന്ദേമാതരത്തിനുമാണ് സ്വാതന്ത്ര്യ ദിനാഘോഷങ്ങളിൽ ഇത്തവണ പ്രാധാന്യം നൽകുന്നത്. വന്ദേമാതരത്തിന്റെ 150 -ാം വാർഷികത്തിൽ ചുവപ്പ്കോട്ടയിൽ ആദ്യമായി വന്ദേമാതരം

ആലപിക്കുമെന്ന പ്രത്യേകതയുമുണ്ട്. സ്വാതന്ത്ര്യ ദിനാഘോഷങ്ങളോടനുബന്ധിച്ച് രാജ്യമെമ്പാടും ശക്തമായ സുരക്ഷാ ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്. ഹർഘർ തിരംഗയുടെ ഭാഗമായ തിരംഗയാത്രകളും രാജ്യത്ത് പുരോഗമിക്കുകയാണ്.

✪✪✪

എൺപതാം സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ചു രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് രാജ്യത്തെ അഭിസംബോധന ചെയ്യും. ആകാശവാണിയുടെ മുഴുവൻ ദേശീയ ശൃംഖലയിലും രാഷ്ട്രപതിയുടെ പ്രസംഗം വൈകിട്ട് ഏഴിന് പ്രക്ഷേപണം ചെയ്യും. ദൂരദർശന്റെ എല്ലാ ചാനലുകളിലും ഹിന്ദിയിലും തുടർന്ന് ഇംഗ്ലീഷിലും പ്രസംഗം സംപ്രേഷണം ചെയ്യും.രാത്രി 9.30 നു ആകാശവാണി പ്രാദേശിക നെറ്റ്‌വർക്കുകളിലൂടെ രാഷ്ട്രപതിയുടെ പ്രസംഗത്തിന്റെ പരിഭാഷ കേൾക്കാം.

✪✪✪

കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് ജനങ്ങൾക്ക് ആശംസ നേർന്നു. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യത്തിലെ പൗരന്മാരെന്ന നിലയിൽ, മുൻതലമുറ നൽകിയ സ്വാതന്ത്ര്യവും സമത്വവും ഐക്യവും കാത്തു സൂക്ഷിക്കണമെന്നും, പൗരന്റെ അന്തസ്സും നീതിയും ഉറപ്പാക്കുന്ന ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കേണ്ടത് പവിത്രമായ കടമയാണെന്നും ഗവർണർ പറഞ്ഞു.

✪✪✪

സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് ധീരതയ്ക്കും മികച്ച സേവനത്തിനും നൽകുന്ന പുരസ്കാരങ്ങൾ കേന്ദ്രഗവണ്മെന്റ് പ്രഖ്യാപിച്ചു. പൊലീസ്, അഗ്നിസുരക്ഷാ സേന, ഹോംഗാർഡ്, സിവിൽ ഡിഫൻസ്, വിജിലൻസ് എന്നീ വിഭാഗങ്ങളിലെ 157 പേർക്കാണ് പുരസ്കാരം.

കേരളത്തിൽ നിന്ന് ഒൻപത് ഉദ്യോഗസ്ഥരാണ് ഇത്തവണ വിവിധ മെഡലുകൾക്ക് അർഹരായത്. പൊലീസ് സേനയിൽ നിന്ന് ഏഴുപേർക്കും അഗ്നിരക്ഷാ സേനയിൽ നിന്ന് രണ്ടുപേർക്കുമാണ് പുരസ്കാരം.

വിശിഷ്ട സേവനത്തിന് രാഷ്ട്രപതിയുടെ പരമോന്നത പൊലീസ് മെഡലിന് വിജിലൻസ് എസ്പി എസ്. ശശിധരൻ അർഹനായി. പൊലീസ് സേനയിൽ നിന്ന് മികച്ച സേവനത്തിന് പുരസ്കാരം 6 പേർ നേടി. IG രാജ്പാൽ മീണ, SP ബിനു രാമകൃഷ്ണപിള്ള, SP ഉജ്ജ്വൽ കുമാർ.ജി, DYSP രവികുമാർ V.R, DYSP സുരേഷ് ബാബു SS, സബ് ഇൻസ്പെക്ടർ ജ്യോതിഷ് കുമാർ SL എന്നിവർക്കാണ് പുരസ്കാരം .

✪✪✪

സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് CBI യിലെ 21 ഉദ്യോഗസ്ഥർ രാഷ്ട്രപതിയുടെ പ്രത്യേക പുരസ്കാരത്തിന് അർഹരായി. ആറ് ഉദ്യോഗസ്ഥർക്ക് മികച്ച സേവനത്തിനും മെഡൽ ലഭിച്ചു.

✪✪✪

വിഭജന ഓർമ്മദിനത്തിൽ, രാജ്യവിഭജനത്തിന്റെ ആഘാതം നേരിട്ടവരുടെ ധീരതയെ പ്രധാനമന്ത്രി നരേന്ദ്ര മോദി അനുസ്മരിച്ചു. നിരവധി ജീവിതങ്ങളെ ഇല്ലാതാക്കുകയും ദുരിതങ്ങൾ സമ്മാനിക്കുകയും ചെയ്ത ചരിത്രത്തിലെ അധ്യായമായിരുന്നു വിഭജനമെന്ന് അദ്ദേഹം സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

ആഭ്യന്തര മന്ത്രി അമിത് ഷായും വിഭജന കാലത്ത് അന്ത്യം നേരിട്ടവർക്ക് ആദരാഞ്ജലികൾ അർപ്പിച്ചു. രാജ്യത്തെ വീണ്ടും വിഭജിക്കാൻ ശ്രമിക്കുന്ന ശക്തികൾക്ക് ഇനി ഒരിക്കലും വിജയിക്കാനാകില്ലെന്ന ഉറപ്പോടെ, വിഭജന ദുരന്തത്തിന്റെ ഓർമ്മകൾ മോദി ഗവണ്മെന്റ് യുവാക്കളിലേക്ക് എത്തിക്കുകയാണെന്നും അമിത്ഷാ പറഞ്ഞു.

✪✪✪

സ്വാതന്ത്ര്യ ദിനാഘോഷങ്ങളുടെ ഭാഗമായി തിരുവനന്തപുരം കനകക്കുന്ന് നിശാഗന്ധിയിൽ കേരളാ ഗാന്ധിസ്മാരക നിധിയുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം പ്രസ്ക്ലബ്ബിന്റെ സഹകരണത്തോടെ ഇന്ന് വിപുലമായ പരിപാടികൾ സംഘടിപ്പിക്കും. വൈകിട്ട് മുഖ്യമന്ത്രി വി.ഡി. സതീശൻ ഉദ്ഘാടനം ചെയ്യും.

പരിപാടിയിൽ സ്വാതന്ത്ര്യ സമര സേനാനികൾക്ക് ആദരാഞ്ജലികൾ അർപ്പിക്കും. തുടർന്ന് 'സബർമതി'യുടെ ആഭിമുഖ്യത്തിൽ 80 ഗായകർ അണിനിരക്കുന്ന ദേശഭക്തിഗാനാലാപനം, 80 നർത്തകരുടെ നൃത്തശിൽപം തുടങ്ങിയ സാംസ്കാരിക പരിപാടികളും അരങ്ങേറും.

✪✪✪

മൈ പൊലീസ് സ്റ്റേഷൻ പദ്ധതിക്ക് ജനങ്ങളുടെ ഹൃദയത്തിൽ സ്ഥാനമുണ്ടാകുമെന്ന് മുഖ്യമന്ത്രി വി.ഡി. സതീശൻ പറഞ്ഞു. ജനസൗഹൃദ പൊലീസ് സംവിധാനത്തിന് പുതിയ മുഖം നൽകുന്ന 'മൈ പൊലീസ് സ്റ്റേഷൻ' പദ്ധതി പേരൂർക്കട പൊലീസ് സ്റ്റേഷനിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. മൈ പൊലീസ് ലോഗോയും മുഖ്യമന്ത്രി ചടങ്ങിൽ പ്രകാശനം ചെയ്തു. യുവജനതയെ മയക്കുമരുന്നിൽ നിന്ന് രക്ഷിക്കുന്ന പൊലീസിന്റെ ഓപ്പറേഷൻ തൂഫാൻ ലോകത്തിന് തന്നെ മാതൃകയാണെന്ന് മുഖ്യമന്ത്രി പറഞ്ഞു.

ജനങ്ങളെ പൊലീസ് സ്റ്റേഷനുകളുമായി ചേർത്തുനിർത്തുകയെന്ന സൗഹൃദ ലക്ഷ്യമാണ് മൈപൊലീസ് സ്റ്റേഷൻ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നതെന്ന് പരിപാടിയിൽ അധ്യക്ഷത വഹിച്ച മന്ത്രി രമേശ് ചെന്നിത്തല പറഞ്ഞു.

ആധുനിക ജനാധിപത്യ സമൂഹത്തിന് അനുയോജ്യമായ വിധത്തിൽ, സാങ്കേതിക വിദ്യ പരമാവധി പ്രയോജനപ്പെടുത്തി, പൊലിസിന്റെ പ്രവർത്തനവും പൊതുജനങ്ങൾക്ക് നൽകുന്ന സേവനവും മെച്ചപ്പെടുത്താനും പദ്ധതി ലക്ഷ്യമിടുന്നു.

✪✪✪

കണ്ണൂർ സിറ്റി പൊലീസ് കമ്മീഷണർ ഓഫീസിന്റെ പ്രവർത്തനം നാളെ മുതൽ പുതിയ മന്ദിരത്തിലേക്ക് മാറും. ജില്ലാ പോലീസ് ആസ്ഥാനത്ത് അത്യാധുനിക സൗകര്യങ്ങളോടെ നിർമ്മിച്ച പുതിയ ആസ്ഥാന മന്ദിരത്തിലാണ് കമ്മീഷണറേറ്റ് പ്രവർത്തിക്കുകയെന്ന് സിറ്റി പൊലീസ് കമ്മീഷണർ BV വിജയ ഭരത് റെഡ്ഡി അറിയിച്ചു.

ഇതോടെ കളക്ടറേറ്റ് വളപ്പിൽ പ്രവർത്തിക്കുന്ന പൊലീസ് വകുപ്പിന്റെ വിവിധ ഓഫീസുകൾ പുതിയ മന്ദിരത്തിൽ കേന്ദ്രീകരിക്കും.

✪✪✪

പൊതുവിപണിയിൽ ഉപഭോക്താക്കളെ ചൂഷണം ചെയ്യുന്ന സമീപനം അനുവദിക്കില്ലെന്ന് മന്ത്രി കെ എ തുളസി പറഞ്ഞു. സപ്ലൈകോ ഓണം പാലക്കാട് ജില്ലാ ഫെയർ ഓൺലൈനായി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. വിലക്കുറവിൽ മികച്ച ഉത്പന്നങ്ങളാണ് സാധാരണക്കാർക്ക് സപ്ലൈകോ നൽകുന്നതെന്നും മന്ത്രി പറഞ്ഞു.

✪✪✪

കണ്ണൂർ മൊറാഴയിലെ സ്വകാര്യ സ്കൂളിലെ പത്താം ക്ലാസ് വിദ്യാർത്ഥി തലശ്ശേരിയിലെ വീട്ടിൽ ജീവനൊടുക്കിയ സംഭവത്തിൽ സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ പൊലീസിനോട് റിപ്പോർട്ട് തേടി. ജില്ലാ ശിശു സംരക്ഷണ ഓഫീസറോട് അന്വേഷണത്തിന് നിർദ്ദേശം നൽകിയതായും കുടുംബത്തെ സന്ദർശിച്ച ചെയർപേഴ്സൺ കെ വി മനോജ് കുമാർ, അംഗം ബി മോഹൻകുമാർ എന്നിവർ പറഞ്ഞു.

ക്ലാസ് പരീക്ഷയിൽ മാർക്ക് കുറഞ്ഞതിന്റെ പേരിൽ പ്രധാന അധ്യാപിക മറ്റ് കുട്ടികളുടെ മുന്നിൽവെച്ച് വഴക്ക് പറഞ്ഞുവെന്നും അത് കുട്ടിക്ക് മാനസിക ബുദ്ധിമുട്ട് ഉണ്ടാക്കിയെന്നുമായിരുന്നു കുടുംബത്തിന്റെ ആരോപണം.

✪✪✪

സംസ്ഥാനത്തെ പൊലീസ് സ്റ്റേഷനുകളിൽ SI മാർക്ക് ചുമതല നൽകുന്നത് സംബന്ധിച്ച ഗവണ്മെന്റ് ഉത്തരവിറക്കി. ഇതോടെ ഭൂരിഭാഗം പൊലീസ് സ്റ്റേഷനുകളുടെയും പൂർണ ചുമതല സബ് ഇൻസ്പെക്ടർമാർക്കായിരിക്കും. പൊലീസിനെ കൂടുതൽ ജനകീയമാക്കാൻ ലക്ഷ്യമിട്ട് ഗവണ്മെന്റ് ആവിഷ്ക്കരിച്ച 'മൈ പൊലീസ് സ്റ്റേഷൻ' പദ്ധതിയുടെ ഭാഗമായാണ് മാറ്റം.

സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട 64 പൊലീസ് സ്റ്റേഷനുകളിൽ ഇൻസ്പെക്ടർമാർ തന്നെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി തുടരും.

✪✪✪

കോഴിക്കോട് ജില്ലാതല സ്വാതന്ത്ര്യ ദിനാഘോഷത്തിൽ മന്ത്രി AP അനിൽകുമാർ ദേശീയ പതാകയുയർത്തും. തുടർന്ന് പരേഡിനെ അദ്ദേഹം അഭിവാദ്യം ചെയ്യും. നാളെ രാവിലെ ഒമ്പത് മുതൽ വെസ്റ്റ്ഹിൽ ക്യാപ്റ്റൻ വിക്രം മൈതാനത്താണ് ഔദ്യോഗിക പരേഡും ചടങ്ങുകളും. പൊലീസ് സേനാവിഭാഗങ്ങൾ, എക്സൈസ്, അഗ്നിരക്ഷാ സേന, ഫോറസ്റ്റ്, NCC, സ്കൗട്ട്സ് ആൻഡ് ഗൈഡ്സ്, സ്റ്റുഡന്റ് പോലീസ് കേഡറ്റ് ഉൾപ്പെടെ 22 പ്ലാറ്റൂണുകൾ പരേഡിൽ അണിനിരക്കും.

✪✪✪

ഇടുക്കി ജില്ലയിലെ സ്വാതന്ത്ര്യദിനാഘോഷ പരിപാടിയിൽ ജില്ലയുടെ ചുമതല വഹിക്കുന്ന മന്ത്രി അനൂപ് ജേക്കബ് പതാക ഉയർത്തും. രാവിലെ പരേഡ് ഗ്രൗണ്ടിലാണ് ചടങ്ങ്.

✪✪✪

KPCC-യുടെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി സ്വാതന്ത്ര്യദിനാഘോഷം സംഘടിപ്പിക്കുമെന്ന് KPCC സംഘടനാ ജനറൽ സെക്രട്ടറി നെയ്യാറ്റിൻകര സനൽ അറിയിച്ചു.

നാളെ രാവിലെ മന്ത്രി രമേശ് ചെന്നിത്തല ദേശീയപതാക ഉയർത്തും. രാഷ്ട്രീയകാര്യ സമിതി അംഗങ്ങൾ, KPCC ഭാരവാഹികൾ, ഡി.സി.സി. ഭാരവാഹികൾ, ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കും.

DCC- കളുടെയും ബ്ലോക്ക്, മണ്ഡലം കോൺഗ്രസ് കമ്മിറ്റികളുടെയും നേതൃത്വത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിക്കുമെന്നും നെയ്യാറ്റിൻകര സനൽ പറഞ്ഞു.

✪✪✪

നാളെ സ്വാതന്ത്ര്യ ദിനത്തിൽ സംസ്ഥാനത്തെ പതിനയ്യായിരം കേന്ദ്രങ്ങളിൽ ദേശീയ പതാക ഉയർത്തി വന്ദേമാതരം പൂർണമായി ആലപിക്കുമെന്ന്

ബിജെപി സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ അറിയിച്ചു. ബൂത്ത്, പഞ്ചായത്ത് , മണ്ഡലം,ജില്ലാതലങ്ങളിലാണ് പരിപാടി.

✪✪✪

ബി.ജെ.പി. കണ്ണൂർ നോർത്ത് ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ഇന്ന് കണ്ണൂരിൽ തിരംഗ യാത്ര സംഘടിപ്പിക്കും. വൈകിട്ട് സ്റ്റേഡിയം കോർണറിൽ വിഭജന ഭീകര സ്മൃതി ദിന സദസ്സ് ബി ബി ഗോപകുമാർ എംഎൽഎ ഉദ്ഘാടനം ചെയ്യും.

✪✪✪

സ്വാതന്ത്ര്യ ദിനാഘോഷങ്ങളുടെ ഭാഗമായി BJP കോട്ടയം ജില്ലാ കമ്മിറ്റി തിരംഗയാത്ര സംഘടിപ്പിച്ചു. പാർട്ടി ദേശീയ സമിതി അംഗം PC ജോർജ് യാത്ര ഉത്ഘാടനം ചെയ്തു.

✪✪✪

ടൊറന്റോയിൽ, കനേഡിയൻ ഓപ്പൺ ടെന്നീസ് വനിതാ സിംഗിൾസ് കിരീടം പോളണ്ടിന്റെ ഇഗ സ്വിയാടെക്കിന്. കസാഖ്സ്ഥാന്റെ എലീന റൈബാക്കിനയെയാണ് തോൽപ്പിച്ചത്.

പുരുഷ സിംഗിൾസ് കിരീടം നിലവിലെ ചാമ്പ്യൻ ബെൻ ഷെൽട്ടണും സ്വന്തമാക്കി. മോൺട്രിയലിൽ അമേരിക്കയുടെ തന്നെ ബ്രാൻഡൻ നകാഷിമയെയാണ് താരം പരാജയപ്പെടുത്തിയത്.

✪✪✪

FIBA അണ്ടർ-18 ഏഷ്യൻ പുരുഷ ബാസ്ക്കറ്റ്ബോൾ കപ്പ് ടൂർണമെന്റിന് ഗുജറാത്തിലെ അഹമ്മദാബാദിൽ തുടക്കമായി. ഇന്ത്യ വൈകിട്ട് ഏഴരയ്ക്ക് ആദ്യ മത്സരത്തിൽ ജപ്പാനെ നേരിടും.

✪✪✪

സ്വർണ്ണവില കുറഞ്ഞു. പവന് 520 രൂപ താഴ്ന്ന് ഒരു ലക്ഷത്തി 12,120 രൂപയായി. 14,015 രൂപയാണ് ഗ്രാമിന്.

✪✪✪

തിരുവനന്തപുരം RBI ഓഫീസിൽ ജോലി ചെയ്യുന്നതിനിടെ യന്ത്രത്തിൽ കൈ കുടുങ്ങി യുവാവ് മരിച്ചു. ബംഗളൂരു സ്വദേശിയായ യുവാവാണ്

അപകടത്തിൽപ്പെട്ടത്. അപ്രതീക്ഷിതമായി മെഷീനിൽ കൈ കുടുങ്ങുകയായിരുന്നു.

✪✪✪

സംഗീത അധ്യാപകനും ഗായകനുമായ എം ഡി ശിവദാസ് വടകരയിൽ അന്തരിച്ചു. 65 വയസ്സായിരുന്നു. മണിയൂർ ഹൈ സ്കൂളിലെ മുൻ സംഗീത അധ്യാപകനും വടകര മ്യൂസിഷ്യൻസ് വെൽഫെയർ അസോസിയേഷന്റെ ആദ്യകാല പ്രവർത്തകനുമായിരുന്നു. നിരവധി ആൽബങ്ങൾക്ക് സംഗീത സംവിധാനവും നിർവഹിച്ചിട്ടുണ്ട്.

✪✪✪

ലക്ഷദ്വീപിലെ സുഹെലി ദ്വീപിൽ നിന്നും ബുധനാഴ്ച്ച മുതൽ കാണാതായ രണ്ട് പൊലീസ് കോൺസ്റ്റബിൾമാർക്കായി തിരച്ചിൽ തുടരുന്നതായി ലക്ഷ്ദ്വീപ് പൊലീസ് അറിയിച്ചു. ഹിദായത്തുള്ള , നബീൽ എന്നീ രണ്ട് പൊലീസ് കോൺസറ്റബിൾമാരെയാണ് കാണാതായത്.

രണ്ട് ദിവസമായി ഹെലികോപ്റ്റർ മാർഗ്ഗം ഉൾപ്പെടെ തിരച്ചിൽ തുടർന്നെങ്കിലും രണ്ടുപേരെയും ഇതുവരെ കണ്ടെത്താൻ സാധിച്ചിട്ടില്ലെന്ന് കവരത്തി S.H.O പറഞ്ഞു.

✪✪✪

ചിങ്ങമാസ പൂജകൾക്കായി ശബരിമലനട മറ്റന്നാൾ വൈകിട്ട് അഞ്ചിന് തുറക്കും. 17 ന് രാവിലെ അഞ്ചു മുതൽ പൂജകൾ ആരംഭിക്കും. 21ന് നട അടച്ചാൽ 24മുതൽ 28വരെ ഓണം പ്രത്യേക പൂജകൾക്കായി നടതുറക്കും.

ചിങ്ങമാസ പൂജകളുടെ വെർച്വൽക്യൂ ബുക്കിംഗ് തുടരുകയാണ്.

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader: നിമിഷ ജി*
*News Team: AV ഫർദിസ്, ജാസ്മി*
*DEO: ഷീബ*